I ഇ.ബി. XIV - കേരള നിയമസഭ /XI-1

## പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2018 ജൂൺ 04, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ ദേശീയഗാനാലാപനത്തോടെ നിയമസഭാ ഹാളിൽ ആരംഭിച്ചു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

### I ചരമോപചാരം

ഡോ. എ. വി. ഐസക്കിന്റെ നിര്യാണം

മുൻ നിയമസഭാംഗം ഡോ. എ. വി. ഐസക്കിന്റെ നിര്യാണം സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ റഫറൻസ് നടത്തുകയും പരേതനോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിക്കുകയും ചെയ്തു.

## II സത്യപ്രതിജ്ഞ അഥവാ സഗൗരവ പ്രതിജ്ഞ

ഉപതെരഞ്ഞെടുപ്പിൽ ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ട ശ്രീ. സജി ചെറിയാൻ പതിനാലാം കേരള നിയമസഭയിലെ അംഗമായി സത്യപ്രതിജ്ഞ ചെയ്തു.

## III ചെയർമാൻമാരുടെ പാനൽ

ശ്രീ. ബി. ഡി. ദേവസ്സി, ശ്രീമതി ഇ. എസ്. ബിജിമോൾ, ശ്രീ. കെ. എൻ. എ. ഖാദർ എന്നീ അംഗങ്ങളെ പതിനാലാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനകാലത്തെ ചെയർമാൻമാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്തു.

## III അടിയന്തര പ്രമേയം

കെവിന്റെ കൊലപാതകം

മി. സ്പീക്കർ : പോലീസിന്റെ അറിവോടെയും പിന്തുണയോടെയും കോട്ടയം ഗാന്ധിനഗർ സ്റ്റേഷൻ അതിർത്തിയിൽ നടന്ന കെവിൻ എന്ന യുവാവിന്റെ ദുരഭിമാനക്കൊലയുമായി ബന്ധപ്പെട്ട് നിയമവാഴ്ച പാലിക്കാൻ ഉത്തരവാദപ്പെട്ട പോലീസുതന്നെ നിയമലംഘകരായി മാറുന്നുവെന്ന് പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ, എം. ഉമ്മർ, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കോട്ടയം അമലഗിരി കോളേജ് വിദ്യാർത്ഥിനിയും തെന്മല ഒറ്റയ്ക്കൽ സ്വദേശിനിയുമായ നീനു ചാക്കോ എന്ന പെൺകുട്ടിയെ 24-05-2018-ന് കാണാനില്ലെന്ന് കുട്ടിയുടെ പിതാവ് കോട്ടയം ഗാന്ധിനഗർ പോലീസ് സ്റ്റേഷനിൽ പരാതി നൽകുകയുണ്ടായി. 25-05-2018-ന് പെൺകുട്ടി കെവിൻ പി. ജോസഫിനോടൊപ്പം ഗാന്ധിനഗർ പോലീസ് സ്റ്റേഷനിൽ ഹാജരാകുകയും സ്വന്തം ഇഷ്ടപ്രകാരം കെവിനോടൊപ്പം ജീവിക്കാൻ പോകുന്നുവെന്ന് രേഖാമൂലം അറിയിക്കുകയും ചെയ്തതിനാൽ കുട്ടിയെ യുവാവിനോടൊപ്പം വിടുകയുണ്ടായി. 27-05-2018-ന് പുലർച്ചെ പെൺകുട്ടിയുടെ സഹോദരന്റെ നേതൃത്വത്തിൽ ഒരു സംഘം ആളുകൾ കെവിനേയും ബന്ധുവായ അനീഷിനേയും ബലമായി വാഹനത്തിൽ കയറ്റിക്കൊണ്ടുപോകുകയും രക്ഷപ്പെട്ട അനീഷ് ഗാന്ധിനഗർ പോലീസ് സ്റ്റേഷനിൽ നൽകിയ മൊഴിയുടെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിക്കുകയും ചെയ്തു. എന്നാൽ 28-05-2018-ന് കെവിന്റെ മൃതദേഹം കൊല്ലം-പുനലൂർ പോലീസ് സ്റ്റേഷൻ പരിധിയിലെ ചാലിയക്കര തോട്ടിൽനിന്നും കണ്ടെത്തുകയും തുടർന്ന് പ്രതികളെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി റിമാന്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കേസ് കൊലപാതകമാണെന്ന് കണ്ടെത്തിയതിനാൽ എറണാകുളം റേഞ്ച് ഐ.ജി.-യുടെ മേൽനോട്ടത്തിൽ

അന്വേഷണം നടന്നുവരുന്നു. കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയ പോലീസ് ഉദ്യോഗസ്ഥനെ അന്വേഷണവിധേയമായി സസ്പെന്റ് ചെയ്യുകയും കോട്ടയം ജില്ലാ പോലീസ് മേധാവിയെ സ്ഥലം മാറ്റുകയും സംഭവ ദിവസം നൈറ്റ് പട്രോളിംഗിലുണ്ടായിരുന്ന പോലീസ് ഉദ്യോഗസ്ഥരെ നിയമ നടപടിക്ക് വിധേയമാക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: പ്രസ്തുത കേസ് അട്ടിമറിക്കാനുള്ള ബോധപൂർവ്വമായ ശ്രമമാണ് നടക്കുന്നത്. സംഭവം സംബന്ധിച്ച് വിവരം ലഭിച്ചിട്ടും മുഖ്യമന്ത്രിയുടെ സുരക്ഷ സംബന്ധിച്ച കഥയുണ്ടാക്കി കേസ് രജിസ്റ്റർ ചെയ്യാൻ ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥൻ തയ്യാറായില്ല. അനീഷ് ഗാന്ധിനഗർ പോലീസ് സ്റ്റേഷനിൽ കൊടുത്ത പരാതിയുടെ അടിസ്ഥാനത്തിൽ 28-5-2018-നാണ് കേസ് രജിസ്റ്റർ ചെയ്തത്. കേസ് രജിസ്റ്റർ ചെയ്യുന്നതിൽ പോലീസിന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ച സംബന്ധിച്ച് അന്വേഷിക്കണം. കെവിൻ കൊല്ലപ്പെടുന്നതിന് രണ്ടുദിവസം മുൻപ് ഗാന്ധിനഗർ പോലീസ് സ്റ്റേഷനിലേയ്ക്ക് കെവിനെയും ഭാര്യയെയും വിളിച്ചുവരുത്തുകയും പിതാവിനോടൊപ്പം പോകാൻ വിസമ്മതിച്ച നീനു ചാക്കോയെ ക്രൂരമായി മർദ്ദിക്കുകയും ചെയ്തിട്ടും പോലീസ് നടപടിയെടുത്തില്ല. പ്രസ്തുത സംഭവങ്ങൾ പോലീസ് ബോധപൂർവ്വം മറച്ചുവയ്ക്കുകയാണ്

ചെയ്തത്. ഭാര്യവീട്ടുകാരുടെ ആക്രമണത്തെ ഭയന്ന് ഒളിച്ചുകഴിയവെയാണ് കെവിനെയും സുഹൃത്തിനെയും ഗുണ്ടാസംഘം ആക്രമിച്ച് തട്ടിക്കൊണ്ടുപോയത്. പ്രതിപക്ഷാംഗങ്ങളടക്കം സമരം ചെയ്തതിനെ തുടർന്നാണ് പ്രസ്തുത കേസിന്മേൽ അന്വേഷണം നടത്തിയത്. തിരുവനന്തപുരം പോലീസ് സർജന്റെ നേതൃത്വത്തിൽ നടത്തേണ്ട പോസ്റ്റ്മോർട്ടം കോട്ടയം മെഡിക്കൽ കോളേജിലെ ജൂനിയർ ഡോക്ടറെക്കൊണ്ട് നടത്തിച്ച് മുങ്ങിമരണമെന്ന നിഗമനത്തിലെത്തിയത് ബോധപൂർവ്വമാണ്. കേസിൽ പോലീസുകാർ പ്രതികളല്ലെന്നും പോലീസിന്റെ കൃത്യവിലോപം മാത്രമാണെന്നുമുള്ള റേഞ്ച് ഐ.ജി.യുടെ പ്രസ്താവനയിലൂടെ കേസ് വഴിതിരിച്ചുവിടുകയാണ്. ദുരഭിമാനക്കൊല അംഗീകരിക്കാൻ കഴിയില്ല. ഡി.വൈ.എഫ്.ഐ. പ്രവർത്തകരുൾപ്പെടെയുള്ള കൊലയാളികൾക്കെതിരെ നടപടിയെടുക്കണം. സുരക്ഷിതമായി കീഴടങ്ങുന്നതിന് പ്രതികൾക്ക് എല്ലാവിധ സംവിധാനങ്ങളും ഒരുക്കിക്കൊടുക്കുകയാണ് പോലീസ് ചെയ്തിരിക്കുന്നതെന്നതിനാൽ ഈ കേസ് കേരള പോലീസ് അന്വേഷിക്കുന്നത് ശരിയല്ല. എസ്.ഐ. ഉൾപ്പെടെയുള്ളവർ ഈ കേസ്സിൽ പ്രതികൾ ആയതിനാൽ യഥാർത്ഥ കുറ്റവാളികളെ കണ്ടെത്തുന്നതിനായി കേസന്വേഷണം സി.ബി.ഐ.-യെ ഏൽപ്പിക്കണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): ഈ കേസ്സിന്റെ

നടപടിക്രമങ്ങളിലുണ്ടായ വീഴ്ചകൾക്ക് ഉത്തരവാദികളായ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ സസ്പെൻഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു മാത്രമല്ല അവർക്കെതിരെ കർക്കശമായ നിലപാട് സ്വീകരിക്കുന്നതുമാണ്. ദുരഭിമാനഹത്യയ്ക്കെതിരെ സമൂഹത്തിന്റെ ജാഗ്രത ഉയർത്തിക്കൊണ്ടുവരുന്നതിനു പകരം മറ്റ് വഴികളിലേയ്ക്ക് ശ്രദ്ധ തിരിച്ചുവിടുന്നതിനുള്ള ശ്രമമാണ് പ്രതിപക്ഷം നടത്തുന്നത്. ഐ.ജി. വിജയ് സാഖറെയുടെ നേതൃത്വത്തിൽ രൂപീകരിച്ച സ്പെഷ്യൽ ടീം കേസന്വേഷണം നടത്തിവരുന്നു. കൊലയാളികളുടെ രാഷ്ട്രീയബന്ധങ്ങൾ നോക്കാതെതന്നെ അവർക്കെതിരെ കർശന നടപടി സ്വീകരിക്കും. കെവിന്റെ ബന്ധുക്കളുടെ ആവശ്യാനുസരണമാണ് പോസ്റ്റ്മോർട്ടം കോട്ടയം മെഡിക്കൽ കോളേജിൽവച്ച് അഡീഷണൽ പ്രൊഫസറടങ്ങുന്ന മെഡിക്കൽ സംഘത്തിന്റെ നേതൃത്വത്തിൽ നടത്തിയത്. ഈ കേസുമായി ബന്ധപ്പെട്ട എല്ലാ പ്രതികളെയും കണ്ടെത്തി കർശന നടപടിയെടുക്കുമെന്നും കേസന്വേഷണവുമായി ബന്ധപ്പെട്ട് പോലീസിന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയ്ക്കെതിരെ കർക്കശമായ നടപടി സ്വീകരിക്കുമെന്നും തുടർന്നുള്ള കേസ്സന്വേഷണത്തിൽ യാതൊരു തലത്തിലുള്ള അലംഭാവവും ഉണ്ടാകുകയില്ലെന്നുമുള്ള സർക്കാർ നിലപാട് വ്യക്തമാക്കുകയാണ്. നാടിന് അപമാനകരമായ പ്രസ്തുത സംഭവത്തിനെതിരെ പൊതുജാഗ്രത ഉയർത്തുന്നതിന്

എല്ലാവരും സഹകരിച്ച് പ്രവർത്തിക്കണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): കെവിൻ എന്ന യുവാവിന്റെ മരണവുമായി ബന്ധപ്പെട്ട് കേരള പോലീസിന് വീഴ്ച സംഭവിച്ചിരിക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇത്തരത്തിലുള്ള വീഴ്ചകൾ ആവർത്തിക്കപ്പെടുകയാണ്. പോലീസിന്റെ ഭാഗത്തുനിന്നുണ്ടായ കുറ്റകൃത്യം സ്വതന്ത്ര ഏജൻസിയെ വച്ച് അന്വേഷിക്കാൻ തയ്യാറാകണം. കെവിൻ എന്ന യുവാവിന്റെ കൊലപാതകവുമായി ബന്ധപ്പെട്ട പോലീസുകാർക്ക് ജാമ്യം ലഭിച്ചിട്ടുണ്ട്. എന്ത് കുറ്റം ചെയ്താലും രക്ഷിക്കാനാളുണ്ടെന്ന വിശ്വാസം സംസ്ഥാനത്ത് അരാജകത്വം സൃഷ്ടിക്കാൻ ഇടയാക്കുമെന്ന കാര്യത്തിൽ സംശയമില്ല. മകനെ പിടിച്ചുകൊണ്ടുപോയ വിവരം പിതാവ് അക്രമികളുടെ പേരും വാഹനനമ്പരും സഹിതം പോലീസ് സ്റ്റേഷനിൽ കൊടുത്തുവെങ്കിലും പോലീസ് യാതൊരു നടപടിയും സ്വീകരിച്ചില്ല. മാധ്യമ പ്രവർത്തകരുടെയും പ്രതിപക്ഷത്തിന്റേയുംമേൽ കുറ്റം ആരോപിച്ചുകൊണ്ട് രക്ഷപ്പെടാനാണ് മുഖ്യമന്ത്രി ശ്രമിക്കുന്നത്. മുഖ്യമന്ത്രിയുടെ സുരക്ഷ മാത്രമല്ല കേരളത്തിലെ

ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാനുള്ള ഉത്തരവാദിത്തവും പോലീസിനുണ്ട്. പോലീസ് സ്വീകരിച്ച തെറ്റായ നടപടി മറച്ചുവയ്ക്കാനാണ് മുഖ്യമന്ത്രി ശ്രമിക്കുന്നത്. ഈ കേസുമായി ബന്ധപ്പെട്ട് കേരള പോലീസിനെ വിശ്വാസത്തിലെടുക്കാൻ സാധിക്കുകയില്ല. പോലീസ് സംവിധാനത്തിന് പറ്റിയ ഗുരുതരമായ വീഴ്ചയാണ് ഈ സംഭവത്തിന് കാരണം. അതുകൊണ്ട് ഈ കേസ് സി.ബി.ഐ. അന്വേഷിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് യു.ഡി.എഫ്. അംഗങ്ങൾ ബാനറുകൾ ഉയർത്തിപ്പിടിച്ച് ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസിനു മുന്നിൽവന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തുകയും ശ്രീ. കെ. എം. മാണി അദ്ദേഹത്തിന്റെ പാർട്ടി അംഗങ്ങളോടൊപ്പം സഭവിട്ട് പുറത്തുപോകുകയും ചെയ്തു.)

**V ശ്രദ്ധക്ഷണിക്കൽ**

(1) <u>കടലാക്രമണ പ്രതിരോധ നടപടികൾ</u>

<u>ശ്രീ. എ. എൻ. ഷംസീർ</u>: കേരളത്തിന്റെ കടലോര മേഖലയിൽ ഓഖി പോലെയുള്ള പ്രകൃതിദുരന്തങ്ങളും കാലം തെറ്റി പെയ്യുന്ന മഴയും കടലാക്രമണവുംമൂലം ജനജീവിതം ദുസ്സഹമായിരിക്കുകയാണ്. പുലിമുട്ടുകൾ ശാശ്വതപരിഹാരമല്ലാത്ത

സാഹചര്യത്തിൽ കടലാക്രമണം ചെറുക്കുന്നതിന് അടിയന്തര പ്രാധാന്യത്തോടുകൂടി ഹ്രസ്വകാല-ദീർഘകാലാടിസ്ഥാനത്തിൽ കടൽഭിത്തി നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): കേരളത്തിന്റെ മൊത്തം കടൽത്തീരത്തിൽ 366 കിലോമീറ്റർ കടൽ ഭിത്തി കെട്ടി സംരക്ഷിച്ചിരുന്നതാണ്. കടൽഭിത്തിയില്ലാത്ത 210 കിലോമീറ്ററിൽ ഏകദേശം 187 കിലോമീറ്ററോളം കടലാക്രമണം രൂക്ഷമല്ലാത്ത പ്രദേശങ്ങളാണ്. ശേഷിക്കുന്ന 23 കിലോമീറ്ററിൽ പുതിയ നിർമ്മാണങ്ങൾ ആവശ്യമുണ്ട്. ഓഖി ചുഴലിക്കാറ്റും കടുത്ത മഴയുംമൂലം പല സ്ഥലങ്ങളിലും കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. കഴിഞ്ഞ ആഴ്ചകളിൽ ഉണ്ടായ കടൽക്ഷോഭത്തിൽ തീരദേശ മേഖലയിലെ നിരവധി വീടുകൾ പൂർണ്ണമായും ചിലത് ഭാഗികമായും തകർന്നിട്ടുണ്ട്. പൂർണ്ണമായും വീടുകൾ നഷ്ടപ്പെട്ടവർക്ക് പുതിയ സ്ഥലം കണ്ടെത്തി വീടുകൾ നിർമ്മിച്ചുനൽകുന്നതിന് മന്ത്രിസഭ തീരുമാനമെടുത്തിട്ടുണ്ട്. രൂക്ഷമായ കടലാക്രമണം തടയുന്നതിന് കരിങ്കല്ല് ഉപയോഗിച്ചുള്ള Rubble mount seawall ആണ് അടിയന്തരമായി നിർമ്മിക്കുന്നത്. കരിങ്കല്ലിന് ക്ഷാമം നേരിടുന്നതിനാൽ ഹ്രസ്വകാലാടിസ്ഥാനത്തിൽ അനുയോജ്യമായ സ്ഥലങ്ങളിൽ ജിയോബാഗുകളിൽ മണൽ നിറച്ച് കടൽത്തീരം സംരക്ഷിച്ചുവരുന്നു. കടലാക്രമണം രൂക്ഷമായ പ്രദേശങ്ങൾ തിരിച്ചറിഞ്ഞ് പ്രതിരോധത്തിന് ആവശ്യമായ നിർദ്ദേശം

ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്. ശാസ്ത്രീയ രീതിയിലുള്ള കടലാക്രമണ പ്രതിരോധ നടപടികളുടെ ഭാഗമായി രൂക്ഷമായ കടലാക്രമണം നേരിടുന്ന ആലപ്പുഴ, അമ്പലപ്പുഴ ഭാഗങ്ങളിൽ കിഫ്ബി ഫണ്ടുപയോഗിച്ച് പുലിമുട്ടുകൾ നിർമ്മിക്കുന്നതിനായി കെ.ഐ.ഐ.ഡി.സി. മുഖാന്തിരം നടപടി സ്വീകരിച്ചുവരുന്നു. ഉത്തര മേഖലയിൽ Gabion box ഉപയോഗിച്ചുള്ള കടൽഭിത്തി നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. കടലാക്രമണം നേരിടുന്നതിന് ഈ സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതത്തിനേക്കാൾ കൂടുതൽ തുക ചെലവഴിച്ചിട്ടുണ്ട്. ആവശ്യമനുസരിച്ച് കൂടുതൽ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതാണ്.

(ശ്രീ. കെ. എസ്. ശബരീനാഥൻ സീറ്റിലില്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല.)

## VI സബ്മിഷൻ

### (1) ശബരിമല വിമാനത്താവളം

ശ്രീ. രാജു എബ്രഹാം: ശബരിമല വിമാനത്താവളത്തിന്റെ നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ടെക്നോ ഇക്കണോമിക്

ഫീസിബിലിറ്റി പഠനവും പരിസ്ഥിതി ആഘാത പഠനവും നടത്തി പദ്ധതിക്കാവശ്യമായ അംഗീകാരം, അനുമതി എന്നിവ ഒമ്പത് മാസത്തിനകം ലഭ്യമാക്കണമെന്ന വ്യവസ്ഥയിൽ ലൂയീസ് ബർഗർ എന്ന കമ്പനി കെ.എസ്.ഐ.ഡി.സി.യുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കുന്നതാണ്.

(ശ്രീ. മോൻസ് ജോസഫ് സീറ്റിലില്ലാതിരുന്നതിനാൽ സബ്മിഷൻ അവതരിപ്പിക്കപ്പെട്ടില്ല.)

(2) <u>ജെസ്ന മരിയ ജയിംസിന്റെ തിരോധാനം</u>

<u>ശ്രീ. പി. സി. ജോർജ്</u>: കുമാരി ജെസ്ന മരിയ ജയിംസിന്റെ തിരോധാനം സംബന്ധിച്ച അന്വേഷണത്തിന്റെ ഭാഗമായി കുടുംബാംഗങ്ങളിൽനിന്നുകൂടി മൊഴിയെടുക്കാനും ശക്തമായ ഇടപെടൽ നടത്തി കുട്ടിയെ കണ്ടെത്താനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): തിരുവനന്തപുരം റേഞ്ച് ഐ.ജി.-യുടെ മേൽനോട്ടത്തിൽ സൈബർ വിദഗ്ധരും വനിതാ പോലീസ് ഇൻസ്പെക്ടർമാരുമടങ്ങുന്ന 15 അംഗ സ്പെഷ്യൽ പോലീസ് ടീം ഊർജ്ജിതമായി അന്വേഷണം നടത്തിവരുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം മുന്നോട്ടുവച്ച നിർദ്ദേശം അന്വേഷണഘട്ടത്തിൽ പരിഗണിക്കുന്നതാണ്.

(3) ഭൂമി ക്രയവിക്രയം ചെയ്യുന്നതിനും നികുതി അടയ്ക്കുന്നതിനുമുള്ള തടസ്സം നീക്കൽ

ശ്രീ. ജോർജ് എം. തോമസ്: കോഴിക്കോട് ജില്ലയിൽ പുതുപ്പാടി ഗ്രാമപഞ്ചായത്തിലെ നാല് വാർഡുകളിൽ വിവിധ സർവ്വേ നമ്പരുകളിലായി രണ്ടായിരത്തിലധികം കർഷകർ കൈവശം വച്ചിരിക്കുന്ന ഭൂമിക്ക് പട്ടയം/ആധാരം ലഭ്യമാക്കുന്നതിനും ഭൂമി കൈവശക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): പുതുപ്പാടി, ഈങ്ങാപ്പുഴ വില്ലേജുകളിലെ കൈവശക്കാർക്ക് ഭൂമി ക്രയവിക്രയം ചെയ്യുന്നതിനും നികുതി അടയ്ക്കുന്നതിനും കോഴിക്കോട് സബ് കോടതി ഉത്തരവുമൂലമുണ്ടായിട്ടുള്ള തടസ്സം നീക്കുന്നതിന് ജില്ലാ നിയമ ഓഫീസറിൽ നിന്നും നിയമോപദേശം ആരാഞ്ഞതിന്റെ അടിസ്ഥാനത്തിൽ നികുതി സ്വീകരിക്കുന്നതിനും കൈവശാവകാശ സർട്ടിഫിക്കറ്റ് നൽകുന്നതിനും 28-04-2018-ൽ താമരശ്ശേരി തഹസീൽദാർ പുതുപ്പാടി വില്ലേജ് ആഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(4) സിനിമാ തിയേറ്ററുകൾ അടച്ചുപൂട്ടുന്നത് സംബന്ധിച്ച്

ശ്രീ. എം. രാജഗോപാലൻ: കുത്തകവത്കരണം, വ്യാജ സി.ഡി., സാറ്റലൈറ്റ് റിലീസിംഗ് എന്നിവ കാരണം കേരളത്തിലെ വിവിധ ജില്ലകളിലെ ഗ്രാമപ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന സിനിമാ തിയേറ്ററുകൾ നേരിടുന്ന പ്രതിസന്ധി

പരിഹരിക്കുന്നതിനും അടച്ചുപൂട്ടൽ ഭീഷണിയിൽ നിന്നും തിയേറ്ററുകളെ സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): കേരളത്തിലെ ഗ്രാമങ്ങളിലും ചെറുപട്ടണങ്ങളിലുമുള്ള നോൺ എ.സി. തിയേറ്ററുകളിൽ പുതിയ ചിത്രങ്ങൾ പ്രദർശനത്തിന് നൽകുന്നതിന് വിതരണക്കാരും നിർമ്മാതാക്കളും വിമുഖത കാണിക്കുന്നുവെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സിനിമാമേഖലയിൽ നിലനിൽക്കുന്ന ഇത്തരം അനഭിലഷണീയ പ്രവണതകളും തീരുമാനങ്ങളും നിയന്ത്രിക്കുന്നതിനുള്ള വ്യവസ്ഥകളെക്കുറിച്ച് നിയമനിർമ്മാണ ഘട്ടത്തിൽ പരിശോധിക്കുന്നതാണ്. നല്ല സിനിമയുടെ പ്രോത്സാഹനാർത്ഥം കേരളത്തിലുടനീളം ഗ്രാമീണ മേഖലയിൽ 100 സർക്കാർ തിയേറ്ററുകൾ സ്ഥാപിക്കാൻ തീരുമാനിക്കുകയും കിഫ്ബി ധനസഹായത്തോടെ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മുഖേന ആധുനിക തിയേറ്റർ സമുച്ചയങ്ങൾ നിർമ്മിക്കുന്ന പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിന് കിറ്റ്കോയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾ സ്ഥലം വിട്ടുനൽകുന്ന മുറയ്ക്ക് നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

## (5) നെയ്യാറ്റിൻകര താലൂക്ക് തിരുവനന്തപുരം ആർ.ഡി.ഒ.-യിൽ നിലനിർത്തുന്നത് സംബന്ധിച്ച്

ശ്രീ. കെ ആൻസലൻ: നെയ്യാറ്റിൻകര താലൂക്ക് നെടുമങ്ങാട് ആർ.ഡി.ഒ.-യ്ക്കുകീഴിൽ ഉൾപ്പെടുത്തിയതിനെത്തുടർന്ന് പ്രദേശവാസികൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് നെയ്യാറ്റിൻകര താലൂക്കിനെ തിരുവനന്തപുരം ആർ.ഡി.ഒ.-യിൽ നിലനിറുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ നെടുമങ്ങാട്, ഇരിങ്ങാലക്കുട, വടകര, തളിപ്പറമ്പ്, കാസർഗോഡ് എന്നീ സ്ഥലങ്ങളിൽ പുതിയ റവന്യൂ ഡിവിഷൻ ഓഫീസ് രൂപീകരിക്കുന്നതിനും ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനും അനുമതി നൽകുകയും 30-03-2018 മുതൽ നെടുമങ്ങാട് ആസ്ഥാനമായി റവന്യൂ ഡിവിഷൻ ഓഫീസ് പ്രവർത്തനമാരംഭിക്കുകയും ചെയ്തു. തുടർന്ന് നെയ്യാറ്റിൻകര താലൂക്കിനെ നെടുമങ്ങാട് റവന്യൂ ഡിവിഷന്റെ കീഴിൽ ഉൾപ്പെടുത്തിയ നടപടി നെയ്യാറ്റിൻകര പ്രദേശവാസികൾക്ക് യാത്രാ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ടെന്നും ആയതിനാൽ നെയ്യാറ്റിൻകര താലൂക്കിനെ തിരുവനന്തപുരം റവന്യൂ ഡിവിഷനിൽത്തന്നെ നിലനിർത്തണമെന്നുമുള്ള ആവശ്യം ഉയർന്നുവന്നിട്ടുണ്ട്. നെടുമങ്ങാട് ആർ.ഡി.

ഓഫീസിലേയ്ക്ക് നേരിട്ടുള്ള ബസ് സർവ്വീസ് ആരംഭിക്കുന്നതോടുകൂടി ബുദ്ധിമുട്ട് പരിഹരിക്കാൻ സാധിക്കുമെന്നും ആയതിനാൽ നെയ്യാറ്റിൻകര താലൂക്കിനെ തിരുവനന്തപുരം റവന്യൂ ഡിവിഷനിൽ നിലനിർത്തേണ്ട ആവശ്യമില്ലെന്നും ലാന്റ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇക്കാര്യം പുന:പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(ശ്രീ. ഷാഫി പറമ്പിൽ സീറ്റിലില്ലാതിരുന്നതിനാൽ സബ്മിഷൻ അവതരിപ്പിക്കപ്പെട്ടില്ല.)

(6) യു.ജി.സി.-യുടെ പുതിയ നിബന്ധന

ശ്രീ. റ്റി. വി. രാജേഷ്: യു.ജി.സി. ഏർപ്പെടുത്തിയിട്ടുള്ള പുതിയ നിബന്ധനമൂലം സർവ്വകലാശാലകളിലെ വിദൂര വിദ്യാഭ്യാസ മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കാനും ഈ മേഖലയെ ആശ്രയിച്ച് പ്രവർത്തിക്കുന്ന പാരലൽ കോളേജുകളെയും അദ്ധ്യാപകരെയും സംരക്ഷിക്കാനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): യു.ജി.സി. പുറപ്പെടുവിച്ച പുതിയ നിബന്ധനകൾ കേരളത്തിലെ വിദൂര വിദ്യാഭ്യാസ രംഗത്ത് പ്രത്യാഘാതങ്ങൾ സൃഷ്ടിക്കാൻ സാധ്യതയുള്ളതിനാൽ ഇക്കാര്യത്തിലുള്ള വിദ്യാർത്ഥികളുടെ ആശങ്ക പരിഹരിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

### (7) തസ്തിക സൃഷ്ടിക്കലും സ്ഥലം ഏറ്റെടുക്കലും

ശ്രീ. ആർ. രാമചന്ദ്രൻ: കരുനാഗപ്പള്ളി താലൂക്കിൽ പ്രവർത്തനമാരംഭിച്ച തഴവ ഗവൺമെന്റ് കോളേജിനായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള റീ നോട്ടിഫിക്കേഷൻ നടപടി ത്വരിതപ്പെടുത്തി കെട്ടിടനിർമ്മാണം ആരംഭിക്കുന്നതിനും കോളേജിനാവശ്യമായ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): തഴവ ഗവൺമെന്റ് കോളേജിന് പുതിയ സ്ഥലം കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നതോടൊപ്പം അത്യാവശ്യ തസ്തികകളിലേയ്ക്ക് കരാർ-ദിവസവേതന അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(ശ്രീ. പി. ഉബൈദുള്ള സീറ്റിലില്ലാതിരുന്നതിനാൽ സബ്മിഷൻ അവതരിപ്പിക്കപ്പെട്ടില്ല)

## VII മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ നാലാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

## VIII നിയമനിർമ്മാണകാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(i) 2018-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

(ii) 2018-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

(iii) 2018-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): 2018-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലും 2018-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലും 2018-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബില്ലും അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ : ബില്ലുകൾ അവതരിപ്പിച്ചിരിക്കുന്നു.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): 2018-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലും 2018-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലും 2018-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബില്ലും തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും

ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): പ്രമേയത്തെ പിന്താങ്ങുന്നു.

(നിരാകരണ പ്രമേയവും ഭേദഗതികളും അവതരിപ്പിക്കപ്പെട്ടില്ല.)

2018-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലും 2018-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലും 2018-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബില്ലും തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബില്ലുകൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

സഭ രാവിലെ 11.18-ന് പിരിഞ്ഞു.

******